Malappuram District Police

## 07/02/2018 വണ്ടൂർ

റബ്ബർ ഷീറ്റുകള് മോഷ്ടിച്ച സംഭവത്തില് രണ്ടു യുവാക്കൾ വണ്ടൂര് പോലീസിന്റെ പിടിയിലായി. പൂക്കോട്ടുംപാടം പെരുഞ്ചൂരിൽ വെട്ടിക്കാട്ടുതൊടിക ശംനാസ് (22), ഉപ്പുവള്ളി വൈമൂച്ചിക്കൽ പ്രസാദ് (21) എന്നിവരാണ് പിടിയിലായത്.

ഫെബ്രുവരി മൂന്നിന് രാത്രിയിലാണ് കറളിക്കാട്ടിൽ തണ്ടുപാറക്കൽ സിറാജുദീന്റെ റാട്ടപ്പുരയില് ഉണക്കാനിട്ടിരുന്ന ഷീറ്റുകൾ മോഷണംപോയത്. പോലീസിൽ പരാതി നൽകിയതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് നിലമ്പൂർ മുക്കട്ടയിൽവെച്ച് റബ്ബര് ഷീറ്റുകള് സഹിതം പ്രതികള് പിടിയിലാകുന്നത്. മോഷണംപോയ നൂറോളം ഷീറ്റുകൾ ഇവരിൽ നിന്ന് കണ്ടെടുത്തു.

മോഷണത്തിനായി ഉപയോഗിച്ച ബൈക്കും വിൽപ്പനക്കായി കൊണ്ടുപോകാന് ഉപയോഗിച്ച കാറും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. വണ്ടൂർ എസ്.ഐ. പി. ചന്ദ്രൻ, എസ്.സി.പി.ഒ. കെ. മനോജ്, സി.പി.ഒ. മാരായ ഇ. ഗിരീഷ്കുമാര്, കെ. ശ്യാംകുമാർ, സി. സവാദ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.